STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.401/PR/SPMC/PHQ/2026 Date:08.09.2026

## പത്രക്കുറിപ്പ്

## കായിക മേളകൾ പോലീസ് സേനയെ ഊർജ്ജസ്വലമാക്കും : മന്ത്രി രമേശ് ചെന്നിത്തല

പോലീസ് സേനയുടെ കരുത്തും കാര്യക്ഷമതയും ഊർജ്ജസ്വലതയും വർദ്ധിപ്പിക്കുന്നതിൽ പോലീസ് കായിക മേളകൾക്ക് സുപ്രധാന പങ്കുണ്ടെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ദേശീയ അന്തർദേശീയ കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കേരള പോലീസിലെ കായിക താരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

47ാംമത് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക് & ഗെയിംസ് മീറ്റ് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദേശീയ പോലീസ് മീറ്റിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന മികച്ച കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള വേദിയാണ് സംസ്ഥാന പോലീസ് അത്‌ലറ്റിക് ആൻഡ് ഗെയിംസ് മീറ്റ്. പോലീസ് സേനയുടെ ശാരീരികവും മാനസികവുമായ കാര്യക്ഷമതയാണ് സംസ്ഥാന സുരക്ഷയുടെയും സമാധാനത്തിൻറെയും അടിത്തറ.

അതിനാൽ കായിക മത്സരങ്ങൾ ജീവിതശൈലിയുടെ ഭാഗമാക്കണമെന്ന് പോലീസ് കായികതാരങ്ങളോട് അദ്ദേഹം അഭ്യർത്ഥിച്ചു.

ലഹരിക്കെതിരെ കൊടുങ്കാറ്റായി മാറിയ ഓപ്പറേഷൻ തൂഫാന്റെ പശ്ചാത്തലത്തിൽ 'യെസ് ടു സ്പോർട്സ്, നോ ടു ഡ്രഗ്സ്' എന്ന സന്ദേശമുൾക്കൊണ്ടാണ് ഇത്തവണത്തെ സംസ്ഥാന പോലീസ് കായിക മേള സംഘടിപ്പിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കായികമേളയുടെ ഭാഗമായി കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് എത്തിച്ചേർന്ന ദീപശിഖ ആദ്യന്തരമന്ത്രി ഏറ്റുവാങ്ങി. ഇതിന് ശേഷം നടന്ന 41 യൂണിറ്റുകളുടെ മാർച്ച് പാസ്റ്റോടെയാണ് 47-ാംമത് പോലീസ് കായികമേളയ്ക്ക് തുടക്കമായത്. മാർച്ച് പാസ്റ്റിന് മന്ത്രി സല്യൂട്ട് സ്വീകരിച്ചു.

ചടങ്ങിന് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ സ്വാഗതമാശംസിച്ചു.

ഉദ്ഘാടന ചടങ്ങിൽ ഡിജിപിയും വിജിലൻസ് ഡയറക്ടറുമായ മനോജ് എബ്രഹാം, ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ബൽറാം കുമാർ ഉപാധ്യായ, ഇന്റലിജൻസ് എ.ഡി.ജി.പി ദിനേന്ദ്ര കശ്യപ്, ക്രമസമാധാന വിഭാഗം എ.ഡി.ജി.പി പി. വിജയൻ, സംഘാടക സമിതി സെക്രട്ടറിയും പോലീസ് ആസ്ഥാനത്തെ ഐ.ജിയുമായ ഹർഷിത അത്തലൂരി, സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ഐ.ജി എസ്. അജീത ബീഗം, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

ഉദ്ഘാടന ചടങ്ങിന് ശേഷം കോട്ടൺഹിൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾ സാംസ്കാരിക പരിപാടികൾ അവതരിപ്പിച്ചു. കേരള പോലീസ് ബാൻഡ്, നിർമ്മലാ ഭവൻ ഹയർ സെക്കൻഡറി സ്കൂൾ, കാർമൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ സംയുക്ത ബാൻഡ് പ്രകടനത്തോടെയാണ് ഉദ്ഘാടന ചടങ്ങുകൾ സമാപിച്ചത്.

ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, യൂണിവേഴ്സിറ്റി സ്റ്റേഡിയം എന്നിവിടങ്ങളിൽ ഇന്നും നാളെയും (സെപ്റ്റംബർ 9, 10) കായിക മേള തുടരും. 10 ന് വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി വി. ഡി.സതീശൻ ഉദ്ഘാടനം ചെയ്യും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************